REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-05-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഈ വർഷത്തെ ഫ്ലോറൻസ് നൈറ്റിംഗേൽ അവാർഡ് രാഷ്ട്രപതി ദ്രൗപതി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു.**
- **സംസ്ഥാനത്ത് അതിതീവ്ര മഴ തുടരുന്നു. കാസർക്കോട്, കണ്ണൂർ, ഇടുക്കി ജില്ലകളിൽ ചുവപ്പ് ജാഗ്രത.**
- **നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ LDF സ്ഥാനാർത്ഥിയായി M സ്വരാജ് മത്സരിക്കുമെന്ന് CPIM സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദൻ.**
- **IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഈ വർഷത്തെ ഫ്ലോറൻസ് നൈറ്റിംഗേൽ അവാർഡ് രാഷ്ട്രപതി ദ്രൗപതി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു. നഴ്സിംഗ് മേഖലയിൽ മികച്ച സംഭാവന നൽകിയ 15 പേർക്കാണ് അവാർഡ് നൽകിയത്. കേന്ദ്രമന്ത്രി JP നദ്ദ, സഹമന്ത്രിമാരായ അനുപ്രിയ പട്ടേൽ, പ്രതാപ് റാവു ജാദവ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. നഴ്സുമാരും നഴ്സിംഗ് പ്രൊഫഷണലുകളും സമൂഹത്തിന് നൽകുന്ന സ്തുത്യർഹ സേവനങ്ങൾക്ക് അംഗീകാരമായാണ് 1973 ൽ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ദേശീയ ഫ്ലോറൻസ് നൈറ്റിംഗേൽ അവാർഡ് ഏർപ്പെടുത്തിയത്.

✪✪✪

സുസ്ഥിര വിനോദ സഞ്ചാര രീതികൾ സ്വീകരിച്ചും പ്രാദേശിക സമൂഹങ്ങളെ പിന്തുണച്ചും ഗോവയുടെ സംസ്കാരവും പൈതൃകവും സംരക്ഷിക്കുന്നതിൽ വിനോദസഞ്ചാരികളും തദ്ദേശവാസികളും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. സംസ്ഥാന രൂപീകരണ ദിനത്തിൽ ഗോവയിലെ ജനങ്ങൾക്ക് രാഷ്ട്രപതി ആശംസ നേർന്നു. ഗോവ അഭിവൃദ്ധി പ്രാപിക്കുകയും വികസിത് ഭാരത് കെട്ടിപ്പടുക്കുന്നതിൽ നിർണായക പങ്ക് വഹിക്കുകയും ചെയ്യുമെന്ന് രാഷ്ട്രപതി പ്രത്യാശ പ്രകടിപ്പിച്ചു.

✪✪✪

BJP എം.പി ബൈജയന്ത് പാണ്ഡെയുടെ നേതൃത്വത്തിലെ സർവകക്ഷി സംഘത്തിന്റെ മൂന്ന് ദിവസത്തെ സൗദി അറേബ്യ സന്ദർശനം അവസാനിച്ചു. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയുടെ അചഞ്ചലമായ നിലപാട് സംഘം സൗദി അറേബ്യൻ ഭരണാധികാരികളോട് വിശദമാക്കി. ഇന്ത്യൻ പ്രവാസികളും പ്രതിനിധി സംഘം ആശയ വിനിമയം നടത്തി

✪✪✪

സംസ്ഥാനത്ത് അതിതീവ്ര മഴ തുടരുന്നു. ഇന്ന് കാസർക്കോട്, കണ്ണൂർ, ഇടുക്കി ജില്ലകളിൽ ചുവപ്പ് ജാഗ്രത നൽകിയതായി കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. 11 ജില്ലകളിൽ ഓറഞ്ചു ജാഗ്രതയും നൽകിയിട്ടുണ്ട്.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 55 കിലോമീറ്റർ വരെ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കണ്ണൂരിൽ അതി ശക്തമായ മഴ. വിവിധയിടങ്ങളിൽ വെള്ളം കയറി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ.

.........വോയ്സ്.......

കണ്ണൂർ താവക്കരയിൽ 50ഓളം കുടുംബംങ്ങളെ മാറ്റി, ഇന്നലെ രാത്രിയിലും ഇന്നു പുലർച്ചെയുമായി തുടർന്നു പെയ്ത ശക്തമായ മഴയിൽ കണ്ണൂർ നഗരത്തിൽ പലയിടത്തും വെള്ള കയറി . കണ്ണൂർ യുനിവേഴ്സിറ്റി ആസ്ഥാനമായ താവക്കരയിൽ ശക്തമായ മഴയെ തുടർന്ന് വെള്ളപ്പൊക്ക ഭീഷണി നിലനിൽക്കുന്നു . kakkad വെള്ളം കയറിയ പ്രദേശത്തെ കുടുംബങ്ങളെ മാറ്റുകയാണ്. താഴെ ചൊവ്വ ഭാഗത്തും നിരവധി വീടുകൾ വെള്ളത്തിലായി.

ചെറുപുഴ പഞ്ചായത്തിലെ തിരുമേനിയിലെ കോറാളി മലയിൽ സ്കറിയയുടെ തേക്കിൻ തോട്ടത്തിൽ മണ്ണിടിഞ്ഞു. തേക്കു മരങ്ങൾ കടപുഴകി.പയ്യന്നൂർ അമ്പല ത്തിനു ചുറ്റും വെള്ളം കയറിയിട്ടുണ്ട്

✪✪✪

റെഡ് അലർട്ട് പ്രഖ്യാപിച്ച കാസർകോട് ജില്ലയിൽ ശക്തമായ മഴ തുടരുകയാണ്. ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിലും പുഴകളിലും ക്രമാതീതമായി വെള്ളം ഉയർന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി പി. ജഗന്നിവാസൻ.

.......വോയ്സ്......

✪✪✪

കക്കയം ഡാമിലെ ജലനിരപ്പ് 756.7 മീറ്ററായി ഉയർന്ന സാഹചര്യത്തിൽ ഡാമിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. ജലനിരപ്പ് റെഡ് അലർട്ട് ലെവൽ ആയ 758 മീറ്ററിൽ എത്തിയാൽ ഡാമിലെ അധിക ജലം തുറന്നു വിടുമെന്നും കുറ്റ്യാടി പുഴയുടെ തീരവാസികൾ ജാഗ്രത പാലിക്കണമെന്നും ജില്ലാ കലക്ടർ അറിയിച്ചു.

✪✪✪

മൂവാറ്റുപുഴയിലെ ജലനിരപ്പ് വെള്ളപ്പൊക്ക മുന്നറിയിപ്പ് നില പിന്നിട്ടു. ജലനിരപ്പ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മലങ്കര ഡാമിന്റെ 4,5,6 എന്നീ ഷട്ടറുകൾ 20 സെന്റിമീറ്റർ ആയി നിജപ്പെടുത്തി, പുറത്തേക്കൊഴുക്കുന്ന ജലത്തിന്റെ അളവ് ക്രമീകരിച്ചു. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

ഇടുക്കിയിൽ തുടർച്ചയായി പെയ്യുന്ന മഴയെ തുടർന്ന് ഡാമുകളിൽ ജലനിരപ്പ് ഉയർന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രതീഷ്കൃഷ്ണ....

.........വോയ്സ്........

✪✪✪

കുമളി റോഡരികിൽ നിർത്തിയിട്ടിരുന്ന ലോറിയുടെ മുകളിലേക്ക് മരം കടപുഴകി വീണ് ഒരാൾ മരിച്ചു. ലോറിയിൽ ഉണ്ടായിരുന്ന രണ്ടുപേർ അദ്ഭുതകരമായി രക്ഷപ്പെട്ടു. കോട്ടയം കുറിച്ചി ചൂലപ്പറമ്പിൽ ശ്രീജിത് മനോജ്

ആണ് മരിച്ചത്.  പാലായിൽ നിന്നു തടിയുമായി പോയ ലോറിയുടെ കാബിന്റെ മുകളിലേക്കാണു മരം വീണത്.

✪✪✪

പള്ളിക്കൽ നദിയിലെ ആനയടി സ്റ്റേഷനിൽ ജലനിരപ്പ് മുന്നറിയിപ്പ് നില കടന്നിട്ടുണ്ട്. നദിയിൽ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ പള്ളിക്കൽ നദീ തീരത്ത് താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

✪✪✪

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ  LDF സ്ഥാനാർത്ഥിയായി CPIM സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം M സ്വരാജ് മത്സരിക്കുമെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ തിരുവനന്തപുരത്ത് അറിയിച്ചു. രാവിലെ ചേർന്ന പാർട്ടി സംസ്ഥാന സെക്രട്ടറിയേറ്റ് യോഗമാണ് സ്ഥാനാർത്ഥി നിർണയത്തിൽ തീരുമാനമെടുത്തത്. PV അൻവർ LDF നെ വഞ്ചിച്ച് UDF നൊപ്പം ചേർന്നതുകൊണ്ടാണ് നിലമ്പൂരിൽ തെരഞ്ഞെടുപ്പ് വേണ്ടിവന്നതെന്ന്  MV ഗോവിന്ദൻ പറഞ്ഞു.

✪✪✪

PV അൻവറുമായി അനുനയ ചർച്ചയ്ക്ക് UDF നേതൃത്വം വീണ്ടും ശ്രമം തുടങ്ങി. മുസ്ലീംലീഗ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി  PV അൻവറുമായി ചർച്ച നടത്തുമെന്ന് റിപ്പോർട്ട്. അതേസമയം, നിലമ്പൂരിൽ മത്സരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് ഒരു പകൽകൂടി കാത്തിരിക്കുമെന്നും അതിനിടയിൽ പരിഹാരമാണ് പ്രതീക്ഷിക്കുന്നതെന്നും PV അൻവർ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

മലപ്പുറം വളാഞ്ചേരി മുനിസിപ്പാലിറ്റി ഏരിയയിൽ നിപ സാന്നിധ്യം കണ്ടെത്തിയ വ്യക്തിയുടെ 2 സാമ്പിളുകൾ നെഗറ്റീവ് ആയതോടെ രോഗി നിപ മുക്തയായതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. പെരിന്തൽമണ്ണ EMS സഹകരണ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നയാളുടെ രോഗാവസ്ഥ സംബന്ധിച്ച് അതിതീവ്ര പരിചരണ വിഭാഗത്തിലെ ഡോക്ടറുമായി സംസാരിച്ചു. ഗുരുതര രോഗാവസ്ഥ തരണം ചെയ്തിട്ടില്ലെങ്കിലും രോഗിയുടെ ആരോഗ്യനില മെച്ചപ്പെട്ടു കൊണ്ടിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു. വരും ദിവസങ്ങളിൽ തീവ്ര പരിചരണ വിഭാഗത്തിൽ നിന്നും രോഗിയെ മാറ്റാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും മന്ത്രി പറഞ്ഞു.

✪✪✪

ഏഴിമല നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ, പാസിംഗ് ഔട്ട് പരേഡ്, നാളെ നടക്കും. ദക്ഷിണ നാവിക സേനാ മേധാവി, വൈസ് അഡ്മിറൽ V ശ്രീനിവാസ്, സല്യൂട്ട് സ്വീകരിക്കും.

187 പേരാണ് പരിശീലനം പൂർത്തിയാക്കിയത്. 42 പേർ വനിതാ കേഡറ്റുകളാണ്. അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ ബംഗ്ലാദേശ്, ശ്രീലങ്ക, ടാൻസാനിയ, സീഷെൽസ് എന്നീ രാജ്യങ്ങളിലെ ആറു പേരും നാളത്തെ പരേഡിൽ പങ്കെടുക്കും. പരിശീലന കാലത്ത് കേഡറ്റുകൾ ആർജിച്ച വിവിധ അഭ്യാസ മുറകൾ ഇന്നലെ അക്കാദമിയിൽ പ്രദർശിപ്പിച്ചു.

✪✪✪

കൊച്ചി തീരത്ത് നിന്ന് 38 നോട്ടിക്കൽ മൈൽ അകലെ കണ്ടെയ്നർ കപ്പൽ മുങ്ങിയതിനെ തുടർന്ന് കടലിലെ പരിസ്ഥിതി ആഘാതത്തെക്കുറിച്ച് കൊച്ചിയിലെ സെൻട്രൽ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പഠനം ആരംഭിച്ചു. എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ തീരപ്രദേശങ്ങളിലാണ് പഠനം നടത്തുന്നത്.

✪✪✪

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയം ആഘോഷിക്കുമ്പോൾ, ഇന്ത്യൻ സൈനികരുടെ ധീരതയെ അഭിവാദ്യം ചെയ്യുന്ന ആകാശവാണി പരമ്പരയിൽ ഇന്ന് 1961 ലെ കോംഗോ ആഭ്യന്തര യുദ്ധത്തിൽ ഐക്യരാഷ്ട്രസഭയുടെ സമാധാന സേനയുടെ ഭാഗമായി മാതൃകാപരമായ ധീരത പ്രകടിപ്പിച്ച് വീരമൃത്യു വരിച്ച പരംവീര ചക്ര പുരസ്കാര ജേതാവ് ക്യാപ്റ്റൻ ഗുർബചൻ സിംഗ് സലാരിയയെ അനുസ്മരിക്കുന്നു.

ഡെസ്ക് റിപ്പോർട്ട്....

1935-ൽ പഞ്ചാബിലെ ഗുർദാസ്പൂരിൽ ജനിച്ച ക്യാപ്റ്റൻ ഗുർബചൻ സിംഗ് സലാരിയ 1957-ൽ ഒന്നാം ഗൂർഖ റൈഫിൾസിൽ ചേർന്നു. കോംഗോയിൽ സമാധാന സേനയിലെ ഇന്ത്യൻ സംഘത്തോടൊപ്പം സേവനമനുഷ്ഠിച്ചിരുന്ന ക്യാപ്റ്റൻ സലാരിയ, 1961 ഡിസംബറിൽ ഒരു നിർണായക ഓപ്പറേഷനിൽ അസാമാന്യ ധീരത കാട്ടി. കോംഗോ ആഭ്യന്തരയുദ്ധത്തിലേക്ക് നീങ്ങിയപ്പോൾ ക്രമസമാധാനം പുനഃസ്ഥാപിക്കാൻ UN ഇടപെട്ടു. വിഘടനവാദികളായ കറ്റാംഗീസ് സേന മോയിസ് ഷോംബെയുടെ നേതൃത്വത്തിൽ UN ഉദ്യോഗസ്ഥരെ

ആക്രമിച്ചു. ശത്രുക്കൾക്കെതിരെ ക്യാപ്റ്റൻ സലാരിയ ഒരു പ്ലാറ്റൂണിനെ നയിച്ചു. ശത്രുവിന്റെ കനത്ത ആക്രമണവും വെടിവയ്പ്പും നേരിട്ടിട്ടും, സലാരിയ 40 ശത്രു സൈനികരെ നേരിട്ട് വധിച്ചു. കവചിത വാഹനങ്ങൾ നശിപ്പിച്ചു. ശത്രുക്കളുടെ വെടിയേറ്റ് ഗുരുതരമായി പരിക്കേറ്റ ക്യാപ്റ്റൻ സലാരിയ അവസാനശ്വാസം വരെ പോരാടി, എലിസബത്ത്‌വില്ലെയിലെ UN ആസ്ഥാനത്തെ രക്ഷിച്ചു. ക്യാപ്റ്റൻ ഗുർബചൻ സിംഗ് സലാരിയയുടെ അസാധാരണമായ ധൈര്യത്തിനും നേതൃപാടവത്തിനും മരണാനന്തരം രാജ്യം പരം വീർ ചക്ര നൽകി ആദരിച്ചു.

ക്യാപ്റ്റൻ ഗുർബചൻ സിംഗ് സലാരിയയെ രാജ്യം അഭിവാദ്യം ചെയ്യുന്നു.

✪✪✪

സംസ്ഥാനത്ത് ചെറിയ തോതിൽ കൊവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ടെങ്കിലും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് അറിയിച്ചു. എല്ലാ ജില്ലകളിലും പരിശോധനാ സംവിധാനങ്ങളും ആവശ്യമായ മരുന്നുകളും ഉറപ്പുവരുത്തിയതായി അദ്ദേഹം മാധ്യമങ്ങളോടു പറഞ്ഞു.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ചണ്ഡീഗഢിൽ വൈകീട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ദക്ഷിണ കൊറിയയിലെ ഗുമിയിൽ ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യ മൂന്ന് സ്വർണവും രണ്ട് വെള്ളിയും ഒരു വെങ്കലവും ഉൾപ്പെടെ ആറ് മെഡലുകൾ നേടി.

✪✪✪

കൊല്ലത്ത് കേരള യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ 90 പോയിന്റുമായി തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് മുന്നിലാണ്. 54 പോയിന്റുമായി കേരള സർവ്വകലാശാല ക്യാമ്പസാണ് രണ്ടാമത്. 11 വേദികളിലായി നടക്കുന്ന യുവജനോത്സവം നാളെ സമാപിക്കും.

✪✪✪

സ്വകാര്യ ബസുകളിൽ കയറുന്ന വിദ്യാർഥികളെ വരിയിൽ നിർത്തി, ബസ് പോകുന്ന സമയത്ത് കയറ്റുന്ന പ്രവണത ഒഴിവാക്കണമെന്ന് സ്റ്റുഡന്റ്സ് ട്രാവലിങ് ഫെസിലിറ്റി കമ്മിറ്റി യോഗം കോഴിക്കോട്ട് ആവശ്യപ്പെട്ടു. ബസുകളിൽ നിർബന്ധമായും ചൈൽഡ് ലൈൻ നമ്പർ, പൊലീസ് ഹെൽപ്പ് ലൈൻ നമ്പർ, ലഹരിക്കെതിരായ മുന്നറിയിപ്പ്, തുടങ്ങിയവ പ്രദർശിപ്പിക്കണമെന്ന് യോഗത്തിൽ അധ്യക്ഷനായ കലക്ടർ നിർദേശിച്ചു.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: നിഷിത കുമാരി*
*News Team: അനുഷ ആത്മപ്രകാശ്*
*DEO : സി കെ സുബോധ്*